# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6517 01.11.2011-ൽ മറുപടിയ്ക്ക്**

## ചെലവേറിയ ശസ്ത്രക്രിയകൾക്കുള്ള സഹായം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി :** | **ശ്രീ. അടൂർ പ്രകാശ്**<br>**(ആരോഗ്യവും കയറും വകുപ്പു മന്ത്രി)** |
| മെഡിക്കൽ കോളേജുകളിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും ചെലവേറിയ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്ന പാവപ്പെട്ട രോഗികളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത് എന്നും സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ? | മെഡിക്കൽ കോളേജുകളിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും ചെലവേറിയ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്ന പാവപ്പെട്ട രോഗികൾക്ക് പ്രധാനമന്ത്രിയുടെ ചികിത്സാ ധനസഹായ ഫണ്ടിൽ നിന്നും, ആരോഗ്യ വകുപ്പിന്റെ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ ഫണ്ടിൽ നിന്നും, ആർ.എസ്.ബി.വൈ, ചിസ്, താലോലം, കാൻസർ സുരക്ഷ തുടങ്ങിയ പദ്ധതികളിലൂടെയും, മനോരമ, മുത്തൂറ്റ് ഫിനാൻസ് തുടങ്ങി സ്വകാര്യ സംഘടനകളിലൂടെയും ചികിത്സാ സഹായം നൽകിവരുന്നു. പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷകൾ ഡോക്ടർമാർ സാക്ഷ്യപ്പെടുത്തി - യതിനുശേഷം രോഗികൾക്ക് ബന്ധപ്പെട്ട ഓഫീസുകളിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ